*Divyakarunya Aradhana*
*(Malayalam)*

Compiled by:
**Luise Pullan**, Mattoor, Kalady.
Mob: 9400408533
E-mail : poluise@gmail.com

Nihil Obstat:
**Rev. Dr. Paul Thelakat,** Ernakulam

Imprimatur:
**Mar Thomas Chakiath**,
Ernakulam-Angamaly Archdiocese

*First Edition :* March 2011
*Seventh Edition:* June 2024

*Printed at*
St. Martin Press, Angamaly

© Luise Pullan

*Published by:*

Ann Maria Publishers,
Mattoor, Kalady, Kochi-683574.

Website: www.annmariapublishers.com

# ദിവ്യകാരുണ്യ ആരാധന

## ഉള്ളടക്കം

1. ആരാധന, സ്തുതി, നന്ദി - 07

2. സമർപ്പണം, വിശുദ്ധീകരണം - 14

3. മാപ്പപേക്ഷ - 21

4. യാചനകൾ - 28

5. മദ്ധ്യസ്ഥ പ്രാർത്ഥന - 35

**Ann Maria Publishers**
Mattoor, Kalady, Kochi-683574.

# ദിവ്യകാരുണ്യ ആരാധന

## ആമുഖം

ലോകമെങ്ങുമുള്ള ദേവാലയ സക്രാരികളിൽ വസിക്കുകയും മനുഷ്യഹൃദയങ്ങളിൽ എഴുന്നള്ളി വരികയും ചെയ്യുന്ന ഈശോ നമ്മുടെ രക്ഷയാണ്.

വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും ഈശോയുടെ മാംസരക്തങ്ങളായി മാറുമെന്നു നമുക്കറിയാം, നമ്മൾ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ പിശാച് നമ്മുടെ വിശ്വാസത്തെ തകർത്ത് നമ്മെ അതിൽനിന്നു വ്യതിചലിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പിശാചിന്റെ പ്രലോഭനങ്ങളെ തോൽപ്പിക്കാൻ നമ്മൾ ഈശോയോട് ചേർന്ന് പ്രാർത്ഥനയിലുടെയും ദിവ്യകാരുണ്യ ഭക്തിയിലൂടെയും ജീവിക്കണം.

ദൈവമക്കളായ നാം അവിടുത്തെ ആരാധിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ദേവലായത്തിൽ ദിവ്യസക്രാരി

യുടെ മുമ്പിൽ അല്പസമയം ചെലവഴിച്ചുകൊണ്ട് അവിടുത്തെ ആരാധിക്കുവാൻ ഈ പുസ്തകം നിങ്ങളെ സഹായിക്കട്ടെ.

ഈ പുസ്തകത്തിന്റെ കൈയ്യെഴുത്തുപ്രതി വായിച്ച് ആവശ്യമായ തിരുത്തലുകൾക്കും ഭേദഗതികൾക്കും നിർദ്ദേശങ്ങൾ നൽകിയ റവ. ഫാ. ആന്റണി ഇലവുങ്കുടി, റവ. ഡോ. ജോസ് പുതിയേടത്ത്, റവ. ഡോ. പോൾ തേലക്കാട്ട്, പ്രാർത്ഥനാ കൂട്ടായ്മയിലെ അംഗങ്ങൾ എന്നിവർക്കും, പുസ്തകത്തിനു പ്രസിദ്ധീകരണാനുമതി നൽകി അനുഗ്രഹിച്ച മാർ തോമസ് ചക്യത്ത് പിതാവിനും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

---

*‘‘ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്. മനമുരുകിയവരെ അവിടുന്ന് രക്ഷിക്കുന്നു.’’*

*(സങ്കീർത്തനം 34:8)*

## ആരാധന ആരംഭിക്കുന്നതിനുമുമ്പു ഒന്നു ശ്രദ്ധിക്കൂ:

*ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് സ്വയമായും സമൂഹമായും ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി യാണ്. വ്യക്തിപരമായി ആരാധിക്കുമ്പോൾ ഞങ്ങൾ എന്നതിനു പകരം ഞാൻ എന്ന് ഉപയോഗിക്കാവുന്ന താണ്. കൂടാതെ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നതനു സരിച്ച് ധ്യാനിച്ചു പ്രാർത്ഥിക്കുക.*

*പ്രാർത്ഥന ഹൃദയത്തിന്റെ അന്തരംഗങ്ങളിൽ നിന്നാണ് വരേണ്ടത്. അതിനുള്ള ഒരു സഹായി മാത്രമാണ് ഈ പുസ്തകം. ഹൃദയം ദൈവത്തിനു സമർപ്പിച്ച് എളിമയോടും വിശ്വാസത്തോടും കൂടി ആരാധന നടത്തുക.*

*ആരോടെങ്കിലും വെറുപ്പും വിരോധവും ഉണ്ടെങ്കിൽ അവരോടു ക്ഷമിച്ചു പ്രാർത്ഥിക്കുക. ചെയ്തുപോയ പാപങ്ങളെ ഓർത്ത് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പു ചോദിക്കുകയും മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുക.*

---

*"നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും."(ജോഷ്വ 3:5)*

# ദിവ്യകാരുണ്യ ആരാധന

## *പ്രാരംഭ പ്രാർത്ഥന*

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ.

ഭൂസ്വർഗ്ഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

പ്രപഞ്ച സൃഷ്ടാവായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. മാനവകുലത്തിന്റെ രക്ഷയ്ക്കു വേണ്ടി തന്റെ ഏകജാതനെ ഞങ്ങൾക്കു നൽകിയ അങ്ങയുടെ കാരുണ്യംനിറഞ്ഞ സ്നേഹത്തെ ഞങ്ങൾ സ്തുതിക്കുന്നു.

യേശുവിന്റെ ജ്ഞാനസ്നാനസമയത്ത് പ്രാവിന്റെ രൂപത്തിലും പന്തക്കുസ്താ ദിവസം പരിശുദ്ധ മാതാവിന്റെയും ശ്ലീഹന്മാരുടെയും

മേൽ തീനാവുകളുടെ രൂപത്തിലും എഴുന്നള്ളി വന്ന പരിശുദ്ധാത്മാവായ ദൈവമെ ഇപ്പോൾ ഇവിടെ ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കുന്ന ഞങ്ങളെ അവിടുത്തെ ദിവ്യപ്രകാശത്താൽ ജ്വലിപ്പിക്കുകയും ശക്തിപ്പെടുത്തുകയും എല്ലാവിധ വരങ്ങളും ദാനങ്ങളും ഫലങ്ങളും നൽകി അനുഗ്രഹിക്കുകയും ചെയ്യണമേ. *ആമ്മേൻ.*


*ഗാനം*

"ആത്മാവേ പരിശുദ്ധാത്മാവേ (2)
എൻ ഹൃദയത്തിൽ വാഴും ആത്മാവേ
നിറയണമേ എന്നിൽ നിറയണമേ
ജീവജലത്തിൻ അരൂപിയാൽ
നിറഞ്ഞു കവിഞ്ഞൊഴുകണമേ
സ്നേഹാഗ്നി ജ്വാലയായ്
എന്നിൽ കത്തിപ്പടരണമേ " (ആത്മാവേ.....)

*(ആത്മാവിന്റെ നിറവിനായി ആഗ്രഹിച്ചുകൊണ്ട് പരിശുദ്ധാത്മാവ് തീനാവിന്റെ രൂപത്തിൽ തന്നിലേയ്ക്ക് വരുന്നതായി കണ്ടുകൊണ്ട്, കുറച്ചുനേരം സ്തുതിക്കുക.*

*ഹല്ലേലൂയ്യ, ഹല്ലേലൂയ്യ .......)*

# 1. ആരാധന, സ്തുതി, നന്ദി



ദിവ്യസക്രാരിയിൽ എഴുന്നള്ളി യിരിക്കുന്ന ഈശോനാഥാ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഇന്ന് ഈ സമയം ഞങ്ങൾ അവിടുത്തെ തിരു സന്നിധിയിലായിരിക്കുവാൻ അനുവ ദിച്ചതിനെയോർത്ത് ഞങ്ങൾ അങ്ങ യെ ആരാധിക്കുകയും സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. .

*ദിവ്യകാരുണ്യനാഥനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട്:*

**"പരിശുദ്ധ പരമദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ"**

**ഈശോയേ** ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, മഹത്വപ്പെടു ത്തുന്നു, നന്ദി പറയുന്നു. ഞങ്ങളുടെ രക്ഷക നായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധി ക്കുന്നു. ഞങ്ങളുടെ ശരണമായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ ആശ്രയമായ ദൈവമേ ഞങ്ങൾ അങ്ങയെ

ആരാധിക്കുന്നു. ഞങ്ങളുടെ സങ്കേതമായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ ജീവനും ലക്ഷ്യവുമായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

*ഗാനം*

"ആരാധനയ്ക്കു യോഗ്യനേ നിന്നെ ഞങ്ങൾ
ആരാധിച്ചീടുന്നിതാ.
ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിൽ ആരാധിക്കാം കർത്താവിനെ
നിത്യം സ്തുതിച്ചീടും ഞാൻ"

"ലോകാവസാനംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും"*(മത്താ 28:20)* എന്ന് വാഗ്ദാനം ചെയ്ത ഈശോയേ, ആ വാഗ്ദാനം നിറവേറ്റിക്കൊണ്ട് ലോകമാസകലമുള്ള ദേവാലയ സക്രാരികളിൽ അപ്പത്തിന്റെ രൂപത്തിൽ എഴുന്നള്ളിയിരിക്കുന്ന അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു. അവിടുന്ന് ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

*ഗാനം*

"സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ-നാഥൻ
നാൾതോറും ചെയ്ത നന്മകളോർത്തു
പാടുക നീയെന്നും മനമേ "

യേശുവേ ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും ഞങ്ങളുടെ ഇടവകയെയും ഞങ്ങളുടെ നാടിനെയും പരിപാലിക്കുന്നതിനെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, നന്ദിപറയുന്നു.

*ഗാനം*

"നന്ദി ദൈവമേ നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ
അങ്ങു തന്ന ദാനത്തിനായ് നന്ദിയേകിടാം
അങ്ങു തന്ന സ്നേഹത്തിനായ്
നന്ദിയേകിടാം
നന്മരൂപനെ നല്ല ദൈവമേ"

*(മാതാപിതാക്കൾ/സഹോദരീസഹോദരന്മാർ/ബന്ധുമിത്രങ്ങൾ/ഉപകാരികൾ/ലഭിച്ച വിദ്യാഭ്യാസം/ജോലി/സന്ന്യസ്തജീവിതം/കുടുംബജീവിതം/മക്കൾ/വീട്/വാഹനം/മറ്റു അനുഗ്രഹങ്ങൾ എന്നിവ പ്രത്യേകം ഓർത്ത് നന്ദിപറയുക)*

## ആരാധന പ്രകരണങ്ങൾ:

★ ലോകരക്ഷയ്ക്കുവേണ്ടി മനുഷ്യനായി അവതരിച്ച ദൈവപുത്രാ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു.

സമൂഹം: *ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു.*

★ എളിയവരിൽ എളിയവനായി, ദരിദ്രരിൽ ദരിദ്രനായി ബേത്‌ലഹെമിലെ ഒരു കാലിത്തൊഴുത്തിൽ വന്നുപിറന്ന രാജാധിരാജനായ യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും ........*

★ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ സ്നാപക യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ച്, നാല്പത് ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച്, പിശാചിന്റെ പരീക്ഷണങ്ങളിൽ വിജയം വരിച്ച്, പിതാവിന്റെ ഹിതം പൂർത്തീകരിക്കുവാനായി രക്ഷാകരദൗത്യം ആരംഭിച്ച യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും ........*

*ഗാനം*

"യേശുവേ നാഥാ, അങ്ങയെ ഞാൻ
ആരാധിക്കുന്നു, സ്തുതിക്കുന്നു,
ജീവനുമെന്റെ, സർവ്വസ്വവും
മുമ്പിലണച്ചു കുമ്പിടുന്നു"

★ സുവിശേഷം ലോകം മുഴുവൻ പ്രഘോഷിക്കുന്നതിന് പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത യേശുനാഥാ..

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും* ..........

★ കാനായിലെ കല്യാണവിരുന്നിൽ വച്ച് തന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷ സ്വീകരിച്ച് അത്ഭുതകരമായി വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തിയ യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും* ........

★ ദൈവരാജ്യത്തിന്റെ ആഗമനം അറിയിച്ചുകൊണ്ട് അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്ത യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും* .........

★ ദരിദ്രരോടും പാപികളോടും സുവിശേഷം പ്രസംഗിക്കുകയും അവർക്കു വിശന്ന പ്പോൾ അപ്പം വർദ്ധിപ്പിച്ചു നൽകുകയും ചെയ്ത കാരുണ്യവാനായ യേശുനാഥാ ...

സമൂഹം: *ഞങ്ങൾ അങ്ങയെ ആരാധിക്കു കയും സ്തുതിക്കുകയും അങ്ങേയ്ക്കു നന്ദിപറയുകയും ചെയ്യുന്നു.*

★ രോഗികളെ സുഖപ്പെടുത്തുകയും പാപിക ൾക്കു പാപമോചനം നൽകുകയും മരിച്ച വരെ ഉയിർപ്പിക്കുകയും ചെയ്ത യേശു നാഥാ

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും .........*

★ പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കു കയും പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് ഞങ്ങൾക്കു ബോധ്യം തരികയും ചെയ്ത യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും .........*

★ തിന്മയെ നന്മകൊണ്ടു ജയിക്കാനും ശത്രുക്കളെ സ്നേഹിക്കാനും ഞങ്ങളെ പഠിപ്പിക്കുകയും സ്വജീവിതത്തിലൂടെ

ഞങ്ങൾക്കു മാതൃക കാണിച്ചു തരികയും ചെയ്ത യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും .......*

★ താബോർമലയിൽവച്ച് രൂപാന്തരപ്പെടുകയും തന്റെ സ്വർഗ്ഗീയ മഹത്വം വെളിപ്പെടുത്തുകയും ചെയ്ത യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും .......*

★ പാപത്തെയും മരണത്തെയും സാത്താനെയും ജയിച്ച് ഉത്ഥാനം ചെയ്ത്, എപ്പോഴും ഞങ്ങളോടു കൂടെയായിരിക്കുവാൻ പരിശുദ്ധകുർബാന സ്ഥാപിച്ച യേശുനാഥാ ...

*ഞങ്ങൾ അങ്ങയെ ആരാധിക്കുകയും ...*

---

*"നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക; അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും."*

*(പ്രഭാഷകൻ 3:18)*

# 2. സമർപ്പണം, വിശുദ്ധീകരണം

*"പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്*
*എന്നേരവും ആരാധനയും*
*സ്തുതിയും പുകഴ്ചയും*
*ഉണ്ടായിരിക്കട്ടെ"*

*ഗാനം*

"നാഥാ, സമർപ്പിക്കുന്നു
എന്നെ സമർപ്പിക്കുന്നു
പൂർണ്ണമായ് അർപ്പിക്കുന്നു
കാഴ്ചയായ് അർപ്പിക്കുന്നു"

പിതാവായ ദൈവത്തിന്റെ സ്നേഹം മക്കളായ നാമെല്ലാം അനുഭവിച്ചറിയുന്നതിന്, അയയ്ക്കപ്പെട്ട ഈശോയേ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങൾക്കുവേണ്ടി കഠോരവേദനയനുഭവിച്ച് കുരിശിൽ മരിച്ച ഈശോയേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അവിടുത്തെ കുരിശിൽ ചുവട്ടിൽ നിൽക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവിടുത്തെ തിരുരക്തത്താൽ ഞങ്ങളെ കഴുകി വിശുദ്ധീകരിക്കണമേ.

★ "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" *(ലൂക്കാ 23:46)* എന്നരുളിച്ചെയ്ത ഈശോയേ, ഞങ്ങളുടെ ആത്മാക്കളെ അങ്ങേ പക്കൽ സമർപ്പിക്കുന്നു. ഞങ്ങളുടെ ആത്മാക്കൾ ദൈവാത്മാവുമായി ലയിച്ചു ചേരുന്നതിന് തടസ്സമായിട്ടുള്ള എല്ലാ അശുദ്ധിയും അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ

സമൂഹം: *ഈശോയെ അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ.*

★ "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" *(മത്താ.5:7)* എന്നരുളിച്ചെയ്ത ഈശോയേ, ഞങ്ങളുടെ മനസ്സാക്ഷിയെ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ മനഃസാക്ഷിയിലുള്ള തെറ്റായ ബോധ്യങ്ങളെ...

*ഈശോയെ അവിടുത്തെ .........*

★ ''ശാന്തശീലർ ഭാഗ്യവന്മാർ, അവർ ഭൂമി അവകാശമാക്കും" *(മത്താ.5:5)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ അബോധ മനസ്സിനേയും ഉപബോധമനസ്സിനേയും സുബോധമനസ്സിനേയും ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ മനസ്സിനേറ്റ മുറിവുകളെ .....

*ഈശോയെ അവിടുത്തെ .........*

★ "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവപുത്രരെന്നു വിളിക്കപ്പെടും" *(മത്താ.5:9)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ ചിന്താശക്തിയേയും ഭാവനാ ശക്തിയേയും സമർപ്പിക്കുന്നു. ഞങ്ങളുടെ ചിന്തകളിലും ഭാവനകളിലും നിലകൊള്ളുന്ന അശുദ്ധിയുടെ മേഖലകളെ .....

*ഈശോയെ അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ.*

★ ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരമായി കുരിശിൽ മരിച്ച ഈശോയേ ഞങ്ങൾക്ക് അവിടുന്ന് നൽകിയ ബുദ്ധിശക്തിയെ സമർപ്പിക്കുന്നു. ദൈവദാനമായി ഞങ്ങൾക്കു ലഭിച്ച ബുദ്ധിശക്തിയെ ...

*ഈശോയെ അവിടുത്തെ .........*

★ "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" *(മത്താ.5:8)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ ഹൃദയത്തെ ...

*ഈശോയെ അവിടുത്തെ .........*

★ "സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും" *(മത്താ.5:22)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ കോപം, വെറുപ്പ്, വിദ്വേഷം, അസൂയ, വൈരാഗ്യം, ആസക്തികൾ എന്നിവയെ ...

*ഈശോയെ അവിടുത്തെ .......*

*ഗാനം*

"തിരുരക്തത്താൽ കഴുകണമേ
നിത്യാത്മാവേ എൻ ഹൃദയം
തിരുരക്തത്താൽ കഴുകണമേ
നിത്യാത്മാവേ എൻ മനസ്സാക്ഷി "

★ "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, അവർക്കു സംതൃപ്തി ലഭിക്കും" *(മത്താ.5:6)* എന്നരുളിച്ചെയ്ത ഈശോയേ ഞങ്ങളുടെ ശരീരത്തെ മുഴുവനായി സമർപ്പിക്കുന്നു. ഞങ്ങളുടെ ആന്തരേന്ദ്രിയങ്ങളേയും ബാഹ്യേന്ദ്രിയങ്ങളേയും ...

*ഈശോയെ അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ.*

★ “കണ്ണാണ് ശരീരത്തിന്റെ വിളക്ക്, കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും *(ലൂക്ക.11:34)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക് എന്നിവയെ... .

*ഈശോയെ അവിടുത്തെ .........*

*യേശുവിൽ പൂർണ്ണമായി ലയിച്ചുചേരൽ:*

മിശിഹായുടെ ദിവ്യാത്മാവേ!

– എന്നെ ശുദ്ധീകരിക്കണമേ!

മിശിഹായുടെ തിരുശ്ശരീരമേ

– എന്നെ രക്ഷിക്കണമേ!

മിശിഹായുടെ തിരുരക്തമേ

– എന്നെ ലഹരി പിടിപ്പിക്കണമേ!

മിശിഹായുടെ തിരുവിലാവിലെ വെള്ളമേ

– എന്നെ കഴുകണമേ!

മിശിഹായുടെ കഷ്ടാനുഭവമേ

– എന്നെ ധൈര്യപ്പെടുത്തണമേ!

നല്ല ഈശോ

– എന്റെ അപേക്ഷ കേൾക്കണമേ!

അങ്ങേ തിരുമുറിവുകളുടെ ഇടയിൽ

– എന്നെ മറച്ചുകൊള്ളണമേ!

അങ്ങയിൽ നിന്ന് പിരിഞ്ഞുപോകുവാൻ

– എന്നെ അനുവദിക്കരുതേ!

ദുഷ്ട ശത്രുക്കളിൽ നിന്നും

– എന്നെ കാത്തുകൊള്ളണമേ!

എന്റെ മരണനേരത്ത്

– എന്നെ അങ്ങേ പക്കലേയ്ക്ക് വിളിക്കണമേ

അങ്ങേ പരിശുദ്ധന്മാരോടുകൂടെ നിത്യമായി അങ്ങയെ സ്തുതിക്കുന്നതിന്

– അങ്ങേ അടുക്കൽ വരുവാൻ എന്നോട് കല്പിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ

– എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ!

ഈശോയെ, അങ്ങയുടെ തൃക്കരങ്ങൾ നീട്ടി ഞങ്ങളെ ആശിർവദിക്കണമേ. അങ്ങയുടെ കരങ്ങൾ ഞങ്ങളെ താങ്ങുന്നില്ലായെങ്കിൽ ഞങ്ങൾ വീണുപോകും. അങ്ങയുടെ അഞ്ചു തിരുമുറിവുകളെപ്രതി ഞങ്ങളുടെ പാപങ്ങൾ പൊറുത്ത് ഞങ്ങളെ അനുഗ്രഹിക്കണമെ.

## സങ്കീർത്തനം. 23: 1-3

## കർത്താവ് എന്റെ ഇടയൻ

*"കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമരുളുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു. അവിടുന്ന് എനിക്ക് ഉന്മേഷം നൽകുന്നു; തന്റെ നാമത്തെ പ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു."*

---

*"വിളിക്കുംമുമ്പേ ഞാനവർക്ക് ഉത്തരമരുളും, പ്രാർത്ഥിച്ചു തീരുംമുമ്പേ ഞാനതു കേൾക്കും."*
*(ഏശയ്യാ 65:24)*

---

## സങ്കീർത്തനം 117:

## കർത്താവിനെ സ്തുതിക്കുവിൻ

*"ജനതകളെ കർത്താവിനെ സ്തുതിക്കുവിൻ; ജനപദങ്ങളെ അവിടുത്തെ പുകഴ്ത്തുവിൻ. നമ്മോടുള്ള അവിടുത്തെ കാരുണ്യം ശക്തമാണ്. കർത്താവിന്റെ വിശ്വസ്തത എന്നേക്കും നിലനിൽക്കുന്നു. കർത്താവിനെ സ്തുതിക്കുവിൻ."*

## 3. മാപ്പപേക്ഷ

“പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ”

അനന്തനന്മസ്വരൂപനായ കർത്താവേ ഞങ്ങൾ അങ്ങേയ്ക്കെതിരായി പാപം ചെയ്തു പോയി. അങ്ങയുടെ ദിവ്യപ്രചോദനമനുസരിച്ച് പ്രവർത്തിക്കാത്ത അവസരങ്ങളെപ്രതി ഞങ്ങൾ പശ്ചാത്തപിക്കുന്നു. ഞങ്ങൾക്കു മാപ്പു തരണമേ. അനാഥരോടും, ദരിദ്രരോടും, രോഗികളോടും പാപികളോടും കരുണ കാണിച്ച യേശുനാഥാ പാപികളായ ഞങ്ങളോട് കരുണയായിരിക്കണമേ.

അന്ത്യഅത്താഴസമയത്ത് അവിടുത്തെ തിരുശരീര രക്തം അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ശിഷ്യന്മാർക്കു നൽകുകയും, എന്നും ഞങ്ങളോടൊപ്പം ആയിരിക്കുവാൻ വി. കുർബാന സ്ഥാപിക്കുകയും ചെയ്ത യേശുനാഥാ ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. പാപബോധത്തോടും

പശ്ചാത്താപത്തോടുംകൂടി കുമ്പസാരം നടത്തി ഞങ്ങളുടെ ഹൃദയങ്ങളെ വെണ്മയുള്ളതാക്കി അപ്പത്തിന്റെ രൂപത്തിൽ വരുന്ന അങ്ങയെ സ്വീകരിക്കുവാൻ ഞങ്ങളെ ഒരുക്കണമേ നാഥാ.

*ഗാനം*

"പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണെ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേററു ചൊല്ലീടാം".

**ബൈബിൾ വായന:**

വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ സുവിശേഷം 26–ാം അദ്ധ്യായം, 36 മുതൽ 41 വരെ വാക്യങ്ങൾ:

.

**ഗത്സേമനിയിൽ പ്രാർത്ഥിക്കുന്നു.**

"[36]അനന്തരം യേശു അവരോടൊത്ത് ഗത്സേമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യന്മാരോടു പറഞ്ഞു: ഞാൻ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിക്കുക.
[37]അവൻ പത്രോസിനെയും സെബദിയുടെ ഇരുപുത്രൻമാരെയും കൂടെക്കൊണ്ടുപോയി, ദുഃഖിക്കാനും അസ്വസ്ഥനാകാനും തുടങ്ങി.

38അവൻ അവരോട് പറഞ്ഞു: തീവ്രദുഃഖത്താൽ
ഞാൻ മരണത്തോളം എത്തിയിരിക്കുന്നു.
നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക.
39അവൻ അൽപദൂരം മുന്നോട്ടു ചെന്ന് കമിഴ്ന്നു
വീണു പ്രാർത്ഥിച്ചു: എന്റെ പിതാവേ,
സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ
നിന്നകന്നുപോകട്ടെ, എങ്കിലും എന്റെ
ഹിതംപോലെയല്ല അവിടുത്തെ ഹിതംപോലെ
യാകട്ടെ. 40അനന്തരം അവൻ ശിഷ്യന്മാരുടെ
അടുത്തേക്കു വന്നു. അപ്പോൾ അവർ
ഉറങ്ങുന്നതു കണ്ടു. അവൻ പത്രോസിനോടു
ചോദിച്ചു. എന്നോടുകൂടെ ഒരു മണിക്കൂർ ഉണർ
ന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ?
41പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ
ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ; ആത്മാവു
സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്".

**ഏശയ്യായുടെ പുസ്തകം** 53-ാം അദ്ധ്യായം 3 മുതൽ 8 വരെ വാക്യങ്ങൾ: (യേശുവിന്റെ ജനനത്തിനു ഏഴു നൂറ്റാണ്ടുമുമ്പ് ഏശയ്യാ പ്രവാചകൻ യേശുവിന്റെ പീഡാസഹനത്തെക്കുറിച്ച് പ്രവചിച്ചത്)

"അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ

വേദനയും ദു:ഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചു കളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദു:ഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി. അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു. മർദ്ദനത്തിനും ശിക്ഷാവിധിക്കും

അധീനനായി അവൻ എടുക്കപ്പെട്ടു. എന്റെ ജനത്തിന്റെ പാപം നിമിത്തമാണ് അവൻ പീഡനമേറ്റ് ജീവിക്കുന്നവരുടെ ഇടയിൽ നിന്നും വിച്ഛേദിക്കപ്പെട്ടതെന്ന് അവന്റെ തലമുറയിൽ ആരു കരുതി? അവൻ ഒരു അതിക്രമവും ചെയ്തില്ല. അവന്റെ വായിൽ നിന്നും വഞ്ചന പുറപ്പെട്ടുമില്ല. *(ഏശയ്യാ 53:3-8)* .

കർത്താവേ അവിടുന്ന് അതിദാരുണമായി പീഡനമേറ്റ് കുരിശിൽ മരിച്ചത് ഞങ്ങളുടെ പാപമോചനത്തിനു വേണ്ടിയാണല്ലോ. എന്നാൽ ഞങ്ങൾ അത് ഗൗനിക്കാതെ വീണ്ടും പാപം ചെയ്ത് അങ്ങയെ വേദനിപ്പിക്കുകയാണല്ലോ ചെയ്യുന്നത്. യേശുവേ ഞങ്ങൾ അങ്ങയോട് മാപ്പു ചോദിക്കുന്നു. അവിടുത്തെ അതിദാരുണമായ പീഡാനുഭവത്തെ പ്രതി ഞങ്ങളോടു കരുണയായിരിക്കണമെ.

*ഗാനം*

“കരുണ തോന്നണേ എന്നിൽ
അലിവു തോന്നണേ
പാപിയാണു ഞാൻ നാഥാ
പൊറുതിയേകണേ”

*എനിക്കായ് കുരിശിൽ മരിച്ചവനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു, എനിക്കായ് കല്ലറയിൽ മൂന്നുനാൾ കിടന്നവനേ ഞാൻ നിന്നെ ആരാധിക്കുന്നു. എനിക്കായ് മരണത്തെ ജയിച്ച് ഉയർത്തവനെ ഞാൻ നിന്നിൽ വിശ്വസിക്കുന്നു.*

*"അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്; എന്റെ കണ്ണീർക്കണങ്ങൾ അങ്ങ് കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്. അവ അങ്ങയുടെ ഗ്രന്ഥത്തിലുണ്ടല്ലോ."*
*(സങ്കീ:56:8)*

*രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല; കേൾക്കാനാവാത്ത വിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല.*
*(ഏശയ്യാ 59:1)*

## സങ്കീർത്തനം 32:1–7 :
## മാപ്പുലഭിച്ചവന്റെ ആനന്ദം

*''അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യവാൻ. കർത്താവു കുറ്റം ചുമത്താത്തവനും ഹൃദയത്തിൽ വഞ്ചനയില്ലാത്തവനും ഭാഗ്യവാൻ. ഞാൻ പാപങ്ങൾ ഏറ്റുപറയാതിരുന്നപ്പോൾ ദിവസം മുഴുവൻ കരഞ്ഞ് എന്റെ ശരീരം ക്ഷയിച്ചു പോയി. രാവും പകലും അങ്ങയുടെ കരം എന്റെമേൽ പതിച്ചിരുന്നു. വേനൽക്കാലത്തെ ചൂടെന്ന പോലെ എന്റെ ശക്തി വരണ്ടുപോയി. എന്റെ പാപം അവിടുത്തോടു ഞാൻ ഏറ്റു പറഞ്ഞു; എന്റെ അകൃത്യം ഞാൻ മറച്ചു വച്ചില്ല; എന്റെ അതിക്രമങ്ങൾ കർത്താവിനോടു ഞാൻ ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ എന്റെ പാപം അവിടുന്നു ക്ഷമിച്ചു. ആകയാൽ ദൈവഭക്തർ ആപത്തിൽ അവിടത്തോടു പ്രാർത്ഥിക്കട്ടെ. കഷ്ടത കര കവിഞ്ഞ് ഒഴുകിയാലും അത് അവരെ സമീപിക്കുകയില്ല. അവിടുന്ന് എന്റെ അഭയ സങ്കേതമാണ്. അനർത്ഥങ്ങളിൽ നിന്ന് അവിടുന്ന് എന്നെ രക്ഷിക്കുന്നു. രക്ഷകൊണ്ട് എന്നെ പൊതിയുന്നു.''*

## 4. യാചനകൾ

"പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ"

ദിവ്യസക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന പരമകാരുണ്യവാനായ യേശുനാഥാ ഞങ്ങളെ പൂർണ്ണമായും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഞങ്ങളുടെ കുടുംബാംഗങ്ങളെ ഓരോരുത്തരേയും അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ എല്ലാ പ്രവൃത്തികളേയും സമർപ്പിക്കുന്നു. ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു തരണമേ. ഈ ദിവസങ്ങളിൽ, ഞങ്ങളുടെ എല്ലാ പ്രവൃത്തികളും ഉത്തരവാദത്തോടും ആത്മാർത്ഥതയോടുംകൂടി നിർവഹിക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു തരണമേ.

അങ്ങയുടെ വചനത്താലും പരിശുദ്ധാത്മാവിനാലും എല്ലാവരേയും നിറയ്ക്കണമേ. ഒരു നിമിഷം പോലും അങ്ങയെ പിരിയുവാൻ ഞങ്ങളെ അനുവദിക്കരുതേ.

യേശുനാഥാ ഞങ്ങളെ ഓരോരുത്തരേയും അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കുന്നു. ഞങ്ങളെ ആശിർവദിക്കണമേ, അനുഗ്രഹി

ക്കണമേ, വിശുദ്ധീകരിക്കണമേ. യേശുവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ, ഞങ്ങളോട് കരുണയായിരിക്കണമേ.

ഞങ്ങൾ എവിടെയായിരുന്നാലും അവിടം വിശുദ്ധീകരിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. അവിടുത്തെ കൃപാവരം ഞങ്ങൾക്കില്ലെങ്കിൽ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഇന്ന് അവിടുത്തെ സന്നിധിയിൽ വരുവാൻ ഞങ്ങളെ വിളിച്ചതിനെയോർത്ത് നന്ദി പറയുന്നു. ഇപ്പോൾ അവിടുത്തോടുകൂടെ ആയിരിക്കുവാൻ ഞങ്ങളെ അനുവദിച്ചതിന് ഞങ്ങൾ അങ്ങേയ്ക്ക് കൃതജ്ഞതയർപ്പിക്കുന്നു.

**യാചനാപ്രകരണങ്ങൾ:**

★ മനുഷ്യനായി പിറന്ന ദൈവപുത്രാ, കുരിശുമരണത്തിലൂടെ സകല തിന്മകളെയും കീഴടക്കി ഉത്ഥാനം ചെയ്തവനേ, പാപത്തിൽ നിന്നും രോഗത്തിൽ നിന്നും സാത്താന്റെ സകല പ്രലോഭനങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: *ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

★ "പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" *(ലൂക്ക. 22:46)* എന്നരുളിച്ചെയ്ത ഈശോയെ പലവിചാരമില്ലാതെ ഏകാഗ്രതയോടെ പ്രാർത്ഥിക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ "ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ" *(മത്താ. 18:4)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ അഹങ്കാരം വെടിഞ്ഞ് എളിയ മനസ്സോടെ മറ്റുള്ളവരോട് പെരുമാറുവാനുള്ള മനോഭാവം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ "ഞാൻ വന്നിരിക്കുന്നത് നീതിമാൻമാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്" *(മത്താ 9:13)* എന്നരുളിച്ചെയ്ത ഈശോയെ പാപികളായ ഞങ്ങളോട് കരുണ തോന്നി ഞങ്ങളുടെ പാപങ്ങളും കടങ്ങളും പൊറുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ ''ഞാൻ ശാന്തശീലനും വിനീതനുമാക യാൽ എന്നിൽനിന്നു പഠിക്കുവിൻ'' എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ മക്കൾ ദൈവികജ്ഞാനത്തിലും അനുസ രണയിലും വളർന്നുവരുവാനും അവിടു ത്തേക്കിഷ്ടപ്പെട്ടവിധം ജീവിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർ ത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധ മുണ്ടെങ്കിൽ അത് ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും''. *(മർക്കോ.11:25)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ ശത്രുക്കളോടു ക്ഷമിച്ചു എന്ന് പറയുമ്പോൾ, ഉള്ളിന്റെ ഉള്ളിൽ നിന്നും അവരോടുള്ള വിദ്വേഷം പൂർണ്ണമായും ഇല്ലാതാക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു തരണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ “ഉത്കണ്ഠമൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?” *(മത്താ.6:27)* എന്നരുളിച്ചെയ്ത ഈശോയെ ചെറിയ പ്രശ്നങ്ങളിൽപോലും ഞങ്ങളുടെ മനസ്സ് അസ്വസ്ഥമാകാറുണ്ട്. അവ ഞങ്ങളെപ്പറ്റിയുള്ള അങ്ങയുടെ നല്ല പദ്ധതിയുടെ ഭാഗമാണെന്ന ബോധ്യത്തോടെ ജീവിക്കുവാനുള്ള കൃപാവരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

★ “മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്.” *(മത്താ4:4)* എന്നരുളിച്ചെയ്ത ഈശോനാഥാ ഭക്ഷണത്തോടുള്ള ഞങ്ങളുടെ അമിത താത്പര്യം കുറയ്ക്കുന്നതിനുള്ള കൃപാവരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ “മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ.” *(മത്താ. 7:12)* എന്നരുളിച്ചെയ്ത ഈശോയെ ഈ വചനം ഞങ്ങളുടെ മനസ്സിൽ എപ്പോഴും ഉണ്ടാകുവാനും അതനുസരിച്ച് മറ്റുള്ളവരോട് പെരുമാറുവാനുമുള്ള കൃപാവരം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

★ “കൊടുക്കുവിൻ നിങ്ങൾക്ക് കിട്ടും. അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടു തരും *(ലൂക്കാ. 6:38)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ സമയത്തിന്റെയും വരുമാനത്തിന്റെയും ദശാംശം ദൈവാരാധനയ്ക്കും സുവിശേഷവേലയ്ക്കും പാവപ്പെട്ടവർക്കുമായി ചെലവഴിക്കാനുള്ള മനോഭാവം ഞങ്ങളിൽ വളർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ .......*

ലീഡർ: ആരാധനയിൽ പങ്കുകൊള്ളുന്ന എല്ലാവരും രഹസ്യമായി പ്രാർത്ഥിക്കുവാനുള്ള സ്വന്തം നിയോഗം സമർപ്പിച്ചു നിശബ്ദമായി ഈ സമയം പ്രാർത്ഥിക്കുന്നു. (രണ്ടു മിനിട്ടുനേരം നിശബ്ദത).

ദിവ്യകാരുണ്യനാഥാ ഇപ്പോൾ ഞങ്ങൾ സമർപ്പിച്ച ഈ പ്രാർത്ഥനകൾ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമെ.

---

**സങ്കീർത്തനം - 41:1-3**

*ദരിദ്രരോടു ദയ കാണിക്കുന്നവൻ ഭാഗ്യവാൻ കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവു രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗ്രഹീതനായിരിക്കും. അവിടുന്ന് അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല. കർത്താവ് അവനു രോഗശയ്യയിൽ ആശ്വാസം പകരും. അവിടുന്ന് അവനു രോഗശാന്തി നൽകും."*

# 5. മദ്ധ്യസ്ഥ പ്രാർത്ഥന

"പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്
എന്നേരവും ആരാധനയും
സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ"

**സംരക്ഷണപ്രാർത്ഥന:**

*(മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് മുമ്പ് ചൊല്ലേണ്ടത്)*

**ഈശോനാഥാ** ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളേയും വസ്തുവകകളേയും പ്രവർത്തനമേഖലകളേയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങയുടെ തിരുവിലാവിലെ തിരുമുറിവിനാൽ ഞങ്ങളെ സംരക്ഷിക്കണമേ. പരിശുദ്ധ കന്യകാമറിയമേ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ. വിശുദ്ധ യൗസേപ്പിതാവേ, മാർ തോമാശ്ലീഹായേ, വിശുദ്ധ യൂദാശ്ലീഹായേ, വിശുദ്ധ സെബസ്റ്റ്യാനോസേ, വിശുദ്ധ അന്തോണീസേ, വിശുദ്ധ ഗീവർഗ്ഗീസേ, വിശുദ്ധ ഫ്രാൻസിസ് സേവ്യറേ, വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചാ, വിശുദ്ധ അൽഫോൻസാമ്മേ, വിശുദ്ധ എവുപ്രാസ്യാമ്മേ, വിശുദ്ധ മറിയം ത്രേസ്യായേ, കാവൽ മാലാഖമാരേ ഞങ്ങൾക്ക് തുണയായിരിക്കണമേ.

## മദ്ധ്യസ്ഥ പ്രാർത്ഥനാ പ്രകരണങ്ങൾ:

*(ആത്മാവിന്റെ പ്രേരണ അനുസരിച്ച് മറ്റുള്ള വർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരുടെ പ്രത്യേക ആവശ്യങ്ങളോർത്ത് പ്രാർത്ഥിക്കുക. ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ അവരെ മനസ്സിൽ ഓർത്ത് പ്രാർത്ഥിക്കുക.)*

ലീഡർ: നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രത്യാശയോടും കൂടെ *"ദിവ്യകാരുണ്യ നാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ"* എന്ന് അപേക്ഷിക്കാം.

സമൂഹം: *ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*

★ "പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും" *(മർ.11:24)* എന്നരുളിച്ചെയ്ത ഈശോയേ ഞങ്ങളുടെ സഹോദരീ സഹോദരന്മാരെയും ബന്ധുമിത്രാദികളെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. *ദിവ്യകാരുണ്യനാഥാ ........*

★ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" *(യോഹ.13:35)* എന്നരുളിച്ചെയ്ത ഈശോയേ ഞങ്ങളുടെ അയൽവാസികളുമായും നാട്ടുകാരുമായും സഹപ്രവർത്തകരുമായും

സ്നേഹത്തിലും സഹകരണത്തിലും വർത്തിക്കുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ സമാധാനത്തിന്റെ രാജാവായ ഈശോയെ ഞങ്ങളുടെ ഇടവകജനങ്ങൾ പരസ്പര ഐക്യത്തോടെയും സഹവർത്തിത്വത്തോടെയും പെരുമാറുന്നതിന് അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ ഞങ്ങളുടെ ഇടവക വികാരിയേയും മറ്റ് വൈദികരേയും സന്ന്യസ്തരേയും അവരുടെ സമർപ്പിതജീവിതത്തിൽ നിലനിർത്തണമെന്നും ലോകത്തിനു വെളിച്ചം നൽകി ജീവിക്കുവാനുള്ള കൃപാവരം അവർക്കു നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ ഞങ്ങളുടെ ഇടവകയിൽ വിവിധ സേവനങ്ങൾ നിർവഹിക്കുന്ന അൽമായരെ അനുഗ്രഹിക്കണമെന്നും അവർക്ക് വിശ്വസ്തതാപൂർവ്വം തങ്ങളുടെ കർത്തവ്യം നിറവേറ്റാനുള്ള കൃപാവരം നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഞങ്ങളുടെ ഇടവകാംഗങ്ങൾ ആത്മാർത്ഥ തയുള്ള ജോലിയിലൂടെ യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാനുള്ള കൃപാവരം നൽകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*

★ കുടുംബങ്ങളുടെ പ്രകാശമായ മിശിഹാ യെ ഞങ്ങളുടെ ഇടവകയിലെ ഭാര്യാ ഭർത്താക്കന്മാർ നിർമ്മല സ്നേഹത്തിൽ ജീവിക്കുന്നതിനും മക്കൾ ഭക്തി തീക്ഷ്ണ തയിൽ വളരുന്നതിനും അനുഗ്രഹിക്കണ മെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ സൗഖ്യദായകനായ യേശുവേ ഞങ്ങ ളുടെ ഇടവകയിൽ രോഗികളായി കഴിയുന്നവരെ സുഖപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ സഭാസ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ, രോഗിശുശ്രൂഷകളിൽ ഏർപ്പെ ട്ടിരിക്കുന്നവർ മറ്റ് വിവിധതരം ജോലികൾ

ചെയ്യുന്നവർ ദൈവീക ചൈതന്യത്തിൽ തങ്ങളുടെ ജോലി നിർവഹിച്ചുകൊണ്ട് അങ്ങയുടെ സ്നേഹം മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുവാനുള്ള കൃപാവരം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ ഞങ്ങളുടെ സഭാതലവനായ മാർപ്പാപ്പയേയും മെത്രാന്മാരേയും വൈദികരേയും സന്യാസിനി സന്യാസികളേയും അല്മായ പ്രേഷിതരേയും അങ്ങയുടെ അരുപിയാൽ നിറയ്ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ സർവ്വലോകരാജാവായ ഈശോനാഥാ ഞങ്ങളുടെ ഭരണാധികാരികൾ അഴിമതി രഹിതമായ ഭരണത്തിലൂടെ സാമൂഹ്യനീതി ഉറപ്പുവരുത്തി നല്ല ഭരണം നടത്തുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ വിവിധ മതാനുയായികൾതമ്മിൽ പരസ്പര സ്നേഹവും സഹകരണവും ആദരവും വളർന്നു വരുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ മനുഷ്യരൂപം പൂണ്ട ഈശോയെ ലോക രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം നില നിൽക്കുവാനും ലോകത്തിൽ ഭീകരത ഇല്ലാതാക്കുവാനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*

★ ശിശുക്കളുടെ സ്നേഹിതനായ ഈശോയെ കുഞ്ഞുങ്ങളില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് സന്താനസൗഭാഗ്യം നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ ഈശോയെ വിവാഹപ്രായം കഴിഞ്ഞിട്ടും പലവിധ കാരണങ്ങളാൽ വിവാഹം കഴിക്കാൻ സാധിക്കാതെ മാനസികമായി വിഷമിക്കുന്ന യുവതി യുവാക്കൾക്ക് അനുയോജ്യരായ ജീവിത പങ്കാളികളെ നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ എന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങൾക്കു

തരുമെന്ന് അരുളിച്ചെയ്ത ഈശോയെ രോഗത്താലും വാർദ്ധക്യത്താലും ഏകാന്തതയാലും ക്ലേശിക്കുന്നവർക്ക് അവിടുന്ന് കൂട്ടായിരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" *(മർ. 16:15)* എന്നരുളിച്ചെയ്ത ഈശോയെ എല്ലാ വചനശുശ്രൂഷകരേയും ധ്യാനകേന്ദ്രങ്ങളേയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ ബന്ധിതരുടെ മോചകനും പീഡിതരുടെ ആശ്രയവുമായ ഈശോയെ എല്ലാ മാനസിക രോഗികളെയും മറ്റുള്ളവരുടെ അടിമത്തത്തിൽ കഴിയുന്നവരേയും അവരുടെ ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

★ ദയാവത്സലനും കരുണാലയനുമായ ഈശോയെ വേണ്ടത്ര സംരക്ഷണം കിട്ടാതെ ക്ലേശിക്കുന്ന വൃദ്ധജനങ്ങളേയും അനാഥരേയും അവിടുത്തെ തൃക്കരങ്ങളിൽ താങ്ങി നിർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*

★ മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്നതിനും ശ്രവിക്കുന്നവർ ജീവിക്കുന്നതിനും വേണ്ടി മരണം കൈവരിച്ച യേശുനാഥാ മരണം മൂലം ഞങ്ങളിൽനിന്ന് വേർപെട്ടുപോയ ഞങ്ങളുടെ ബന്ധുമിത്രങ്ങളെ നിത്യസൗഭാഗ്യത്തിലേക്ക് ആനയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദിവ്യകാരുണ്യനാഥാ ........*

ലീഡർ: നമ്മോട് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടവരുടെ നിയോഗങ്ങൾ സമർപ്പിച്ചു നിശബ്ദമായി ഈ സമയം പ്രാർത്ഥിക്കുന്നു. (രണ്ടു മിനിട്ടുനേരം നിശബ്ദത).

ദിവ്യകാരുണ്യനാഥാ ഇപ്പോൾ ഞങ്ങൾ സമർപ്പിച്ച ഈ പ്രാർത്ഥനകൾ സ്വീകരിച്ച് അവരെ അനുഗ്രഹിക്കണമെ.

# സമാപനപ്രാർത്ഥന

''ദിവ്യകാരുണ്യനാഥനായ ഈശോയ്ക്ക് എന്നും എന്നേരവും സ്തുതിയായിരിക്കട്ടെ''.

ഈശോയെ ഞങ്ങൾ അങ്ങയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കുന്നു. അങ്ങേ സ്നേഹത്തിൽ നിന്നും ഒരു ശക്തിക്കും ഞങ്ങളെ അകറ്റാൻ കഴിയാതിരിക്കട്ടെ. ഈശോയെ വിശുദ്ധ കുർബാനയോടും ദിവ്യകാരുണ്യത്തോടുമുള്ള ഞങ്ങളുടെ ഭക്തി കൂടുതൽ വർദ്ധിപ്പിക്കണമേ. ലോകമെങ്ങും ദിവ്യകാരുണ്യ ഭക്തി പ്രചരിക്കുവാനും ധാരാളംപേർ അങ്ങയുടെ സ്നേഹം അനുഭവിച്ചറിയുവാനും ഇടയാകട്ടെ. .

"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും" *(മത്താ. 10:32)* എന്നരുളിച്ചെയ്ത ഈശോയെ ഞങ്ങളുടെ ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥതയോടെ നിർവഹിച്ച് മറ്റുള്ളവർക്ക് മാതൃക

യായും അങ്ങേയ്ക്ക് സാക്ഷികളായും ഞങ്ങൾ പ്രവർത്തിച്ചുകൊള്ളാം. വിചാരത്താലോ വാക്കാലോ പ്രവർത്തിയാലോ ഞങ്ങൾ അങ്ങേയ്ക്കെതിരായി ഒന്നും ചെയ്യുകയില്ലെന്നും അവിടുന്ന് ഞങ്ങൾക്ക് ദാനമായി നൽകിയവയെ ഞങ്ങളുടെ സഹജീവികളുമായി ആവുന്നവിധത്തിൽ പങ്കുവയ്ക്കുന്നതാണെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

**ഗാനം**

*പൂർണ്ണമനസ്സോടും പൂർണ്ണ ഹൃദയമോടും*
*പൂർണ്ണാത്മാവോടും ഈശോയെ നിന്നെ*
*ഞാൻ സ്നേഹിക്കുന്നു.* *(2 പ്രാവശ്യം)*

*പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ*
*ഇന്നുമെന്നും അങ്ങേക്കാരാധന.*
*(2 പ്രാവശ്യം)*

*ഈലോക മോഹങ്ങളേക്കാൾ*
*ഈലോക വിജ്ഞാനത്തേക്കാൾ*
*എല്ലാത്തിനും ഉപരിയായി*
*ഈശോയെ നിന്നെ ഞാൻ*
*സ്നേഹിക്കുന്നു.*
*(2 പ്രാവശ്യം)*

*ഈ ലോക സമ്പത്തിനേക്കാൾ*
*ഈ ലോക ബന്ധങ്ങളേക്കാൾ*
*എല്ലാറ്റിനും ഉപരിയായി*
*ഈശോയെ നിന്നെ ഞാൻ*
*സ്നേഹിക്കുന്നു.*

*(2 പ്രാവശ്യം)*

**PRAYER**



| | | | |
|---|---|---|---|
| P | - | Praise | സ്തുതിക്കുക |
| R | - | Raise | ഉയർത്തുക |
| A | - | Adore | ആരാധിക്കുക |
| Y | - | Yes | അംഗീകരിക്കുക |
| E | - | Ecstasy | നിർവൃതി |
| R | - | Rapt | ലയിക്കുക |

# ഈശോയുടെ തിരുമുഖത്തിന്റെ ജപമാല



ഓ! ഈശോയുടെ തിരുമുഖമേ! ഞങ്ങളുടെ പ്രാർത്ഥന അങ്ങേ തിരുസന്നിധിയിൽ എത്തുന്നതുവരെ ഞങ്ങൾ അങ്ങയെ വിളിച്ച് അപേക്ഷിക്കുന്നു. അങ്ങേയ്ക്ക് ഞങ്ങളെ അത്ഭുതകരമായി രക്ഷിക്കാൻ കഴിയുമല്ലോ. പരിശുദ്ധനായ ദൈവമേ! ഞങ്ങളിലും ലോകം മുഴുവനിലും കരുണ തോന്നണമേ.

*സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും അതിയായ ആഗ്രഹത്തോടും കൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളേയും സഹനങ്ങളേയും വിലയേറിയ തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ച വയ്ക്കുന്നു.*

1. തിരുമുറിവുകളാൽ ആവൃതമായിരിക്കുന്ന ഈശോയുടെ തിരുമുഖമേ!

അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*

*(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)*

2. തിരുരക്തത്താൽ ആവൃതമായ ഈശോയുടെ തിരുമുഖമേ!

അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*

*(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)*

3. ഞങ്ങളോടുള്ള അനന്തമായ സ്നേഹത്താൽ കണ്ണീരോഴുക്കിയ ഈശോയുടെ തിരുമുഖമേ!

അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*

*(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)*

4. നിന്ദിതനും അപമാനിതനുമായ ഈശോയുടെ തിരുമുഖമേ!

അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*

*(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)*

5. എറ്റവും ആഴമേറിയ വേദനയും നിശബ്ദമായി സഹിച്ച ഈശോയുടെ തിരുമുഖമേ!

അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*

**പ്രാർത്ഥിക്കാം:** ഞങ്ങളുടെ രക്ഷകനും അങ്ങയോടുള്ള സ്നേഹത്താലും കരുണയാലും അനന്തമായ യോഗ്യതകൾ നേടിത്തന്നവനുമായ ഈശോയുടെ തിരുമുഖമേ, ഞങ്ങൾ അങ്ങയേ അരാധിക്കുന്നു. യഥാർഥ മനസ്താപവും പാപമോചനവും ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ ജീവിത വിശുദ്ധിയാലും അചഞ്ചലമായ വിശ്വാസസാക്ഷ്യത്താലും ആഴമേറിയ സ്നേഹത്താലും, അങ്ങേ തിരുമുഖത്തെ ഞങ്ങൾ ആശ്വസിപ്പിക്കട്ടെ. ആമ്മേൻ

നിത്യപിതാവേ എന്റേയും ലോകം മുഴുവന്റേയും പാപങ്ങളുടെ പരിഹാരത്തിനായും അജ്ഞാനികൾ മനസു തിരിഞ്ഞ് തിരുസഭയിൽ ചേരുന്നതിനും, ശുദ്ധീകരണ സ്ഥലത്തെ അത്മാക്കൾക്ക് ആശ്വാസം ലഭിക്കുന്നതിനും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ച്ചവയ്ക്കുന്നു.

എന്റെ ഈശോയെ അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെ ഓർത്ത് എന്റെ പാപങ്ങൾ പൊറുക്കണമേ.

*(3 പ്രാവശ്യം)*

നിത്യപിതാവേ ഞങ്ങളുടെ ആത്മീയ മുറിവുകളെ സൗഖ്യമാക്കുന്നതിനായി ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ച്ചവയ്ക്കുന്നു. *(3 പ്രാവശ്യം*

***

## **Books of Luise Pullan** B.Com, MBA, FCMA

(Retired CGM & CFO of HOCL and Director & CFO of HFL)

1. Basic and Commercial Mathematics
2. Daily Personal Prayers
3. ക്രൈസ്തവ പൊതുവിജ്ഞാനം
4. ദൈവമാതാവായ പരിശുദ്ധമറിയം
5. വഴികാട്ടികൾ
6. അനുദിന പ്രാർത്ഥനകൾ
7. ദിവ്യകാരുണ്യ ആരാധന
8. യേശുവിന്റെ പീഡാനുഭവ അനുസ്മരണ പ്രാർത്ഥന
9. കുമ്പസാരവും കുർബാന സ്വീകരണവും
10. റോസ മിസ്റ്റിക്ക മാതാവിനോടുള്ള നൊവേന

(Rev. Fr. Dr. Jose Puthiyedath & Luise Pullan)

*Copies are available at important bookstalls in Ernakulam. To get the copies by post, visit the Website:* ***www.annmariapublishers.com***
*Price and other details are available in the website.*

---

ഈ പുസ്തകം നിങ്ങൾക്ക് പ്രയോജനപ്പെട്ടെങ്കിൽ ഇതിന്റെ കോപ്പികൾ വാങ്ങി ഇത് പ്രയോജനപ്പെടുമെന്ന് തോന്നുന്നവർക്ക് കൊടുക്കുന്നത് ഒരു സൽപ്രവൃത്തിയാണ്. .

"മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ." (മത്തായി 7:12)